## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 392** **14-11-2019 ൽ മറുപടിക്ക്**

### ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ. കെ. രാജൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ റവന്യൂ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എ) സർക്കാർ വക ഭൂമി എന്നത് പുറമ്പോക്കോ പുറമ്പോക്കല്ലാത്ത സർക്കാർ ഭൂമിയോ ആകാം. സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. റവന്യൂ റിക്കാർഡുകൾ പ്രകാരം (ReLIS) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ വിസ്തീർണ്ണം 2263267.36816 ഏക്കറാണ്. (915931.755632 ഹെക്ടർ). ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. എന്നാൽ പ്രസ്തുത സർക്കാർ ഭൂമിയിൽ ഉപയോഗിക്കാതെ കിടക്കുന്നതും ഇതിൽ ഉപയോഗിക്കാവുന്നതുമായ ഭൂമി സംബന്ധിച്ച വിവരശേഖരണം ജില്ലാ കളക്ടർമാർ മുഖാന്തിരം നടന്നു വരുന്നതാണ്.

**സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ**

| ജില്ല | വിസ്തീർണ്ണം (ഹെ.ആർ) |
|---|---|
| തിരുവനന്തപുരം | 40219.862764 |
| കൊല്ലം | 75502.487587 |
| പത്തനംതിട്ട | 14626.592675 |
| ആലപ്പുഴ | 15995.702721 |
| കോട്ടയം | 29291.889035 |
| ഇടുക്കി | 104777.24284 |
| എറണാകുളം | 101350.563115 |
| തൃശ്ശൂർ | 54551.23 |
| പാലക്കാട് | 163137.898416 |
| മലപ്പുറം | 74396.342463 |
| കോഴിക്കോട് | 41967.12434 |
| വയനാട് | 105204.926808 |
| കണ്ണൂർ | 91577.73423 |
| കാസർഗോഡ് | 3339.16216 |
| ആകെ | 915931.755632 ഹെക്ടർ (2263267.36816 ഏക്കർ) |

(ബി) സംസ്ഥാനത്തെ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ചും പുറമ്പോക്ക് ഭൂമി സംബന്ധിച്ചുമുള്ള വ്യക്തമായ വിവരങ്ങൾ കൈവശമുണ്ടോ;

(ബി) സംസ്ഥാനത്തെ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ചും, പുറമ്പോക്ക് ഭൂമി സംബന്ധിച്ചും വിവരങ്ങൾ റവന്യൂ വകുപ്പിൽ ലഭ്യമാണ്. സംസ്ഥാനത്ത് ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമികൾ 1964 ലെ കേരള എസ്ചീറ്റ്സ് ആന്റ് ഫോർഫീച്ചേഴ്സ് ആക്റ്റ് പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. അപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ നിലവിലെ വിസ്തീർണ്ണം 6282.67 ഏക്കറാണ്. (2542.559 ഹെക്ടർ). ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

**എസ്ചീറ്റ് ഭൂമി സംബന്ധിച്ച വിവരം**

| ജില്ല | വിസ്തീർണ്ണം(ഹെ.ആർ) |
|---|---|
| **തിരുവനന്തപുരം** | **3.1668** |
| **കൊല്ലം** | **0** |
| **പത്തനംതിട്ട** | **6.288** |
| **ആലപ്പുഴ** | **0** |
| **കോട്ടയം** | **0.0165** |
| **ഇടുക്കി** | **2.098** |
| **എറണാകുളം** | **0.2906** |
| **തൃശ്ശൂർ** | **0.2362** |
| **പാലക്കാട്** | **0.433** |
| **മലപ്പുറം** | **0.4059** |
| **കോഴിക്കോട്** | **1699.9793** |
| **വയനാട്** | **761.3067** |
| **കണ്ണൂർ** | **68.2894** |
| **കാസർഗോഡ്** | **0.0486** |
| ആകെ | **2542.559** |

(സി) മേല്പറഞ്ഞ തരത്തിലുള്ള ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും, ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 08.05.2019 ലെ സ.ഉ(സാധാ) നം 1077/2019/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) ഇത്തരത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താമെന്ന് ആലോചിക്കുമോ; വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി കണ്ടെത്തി ആയത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായും, ഭൂരഹിതരായുള്ള ആളുകൾക്ക് കൃഷി ചെയ്യുന്നതിനും, ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായും പതിച്ച് നൽകുന്നതിനും, സർക്കാരിന്റെ ലൈഫ് മിഷൻ പോലുള്ള പദ്ധതികൾക്കും കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യതൊഴിലാളികൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച നൽകുന്നതിനുള്ള പദ്ധതികൾക്കും അനുവദിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**